



സൈബർയുഗം

# ലൈക്കിന്റെ അടിമകൾ !



അപർണ എം.

സമീപകാലത്തു നിലവിൽ വന്ന, പ്രശസ്തി (കുപ്രസിദ്ധിയും) നേടിയ ഒരു കംപ്യൂട്ടർ ആപ്ലിക്കേഷനുണ്ട്. യഥേഷ്ടം ആർക്കും എന്തും ചെയ്യാം: നൃത്തമാകട്ടെ, സംഗീതമാകട്ടെ, അനുകരണമാകട്ടെ എന്തും. പക്ഷേ, പലതും സ്വന്തം സർഗ്ഗാത്മകതകൊണ്ടു ചെയ്യുന്നതാവില്ല. സിനിമകളിലെ ദ്വയാർത്ഥപ്രയോഗങ്ങളുടെ വികലമായ അനുകരണങ്ങളോ കാവ്യഭംഗി ചോർന്നുപോയ ഗാനങ്ങളുടെ വരികൾക്കൊപ്പം ചുണ്ടുവക്രിപ്പിക്കലുകളോ ഒക്കെയാണ് കൂടുതലും. നൃത്തമാകട്ടെ, ശരീരപ്രദർശനങ്ങളാണ് (പലരുടെയും) ലക്ഷ്യം. ഇതെല്ലാം ചെയ്യുന്നത് ആളുകൾ 'ലൈക്ക്' എന്ന ബട്ടണിൽ ഒന്നു പ്രസ് ചെയ്യാൻ വേണ്ടിയാണെന്നതാണ് ഏറ്റവും പരിതാപകരം. കുറെയാളുകൾ കണ്ടാൽ തങ്ങൾ 'ഫെയ്മസ്' ആയെന്നാണു പലരുടെയും ധാരണ. കുട്ടികളാണ് ഇതെല്ലാം എന്നു വിചാരിക്കേണ്ടതില്ല. പ്രായഭേദമില്ലാതെ ആളുകൾ ഈ ആപ്ലിക്കേഷന് അടിമകളാണ്. പക്ഷേ, അത് 'അഡിക്ഷൻ' ആണെന്നു പലരും തിരിച്ചറിയുന്നില്ല. കുറെയാളുകൾ തന്നെ ശ്രദ്ധിക്കുമ്പോൾ താൻ പ്രശസ്തനായി എന്നു ചിന്തിക്കുന്നത് എത്ര ബാലിശവും സഹതാപാർഹവുമാണ്! പലർക്കും ആളുകൾക്ക് തങ്ങളെ ഇഷ്ടപ്പെടണമെന്നും നിർബന്ധമില്ല എന്നതാണു മറ്റൊരു കൗതുകം. കണ്ടാൽ മതി. അസഭ്യങ്ങൾ കേട്ടാൽപ്പോലും 'എന്നാലെന്താ പ്രശസ്തനായില്ലേ' എന്ന മട്ടാണ് ചിലർക്ക്. 'ലൈക്കും ഷെയറും' കിട്ടിയാൽ തൃപ്തിയായി. ഇത്തരം ആപ്പിനു മുന്നിലെ കാഴ്ചവസ്തുക്കളാകുന്നു പലരും. കുട്ടികളെ വഴിതെറ്റിക്കാൻ വളരെയെളുപ്പമാണ് ഇവയ്ക്ക്. സമപ്രായത്തിലുള്ള കുട്ടികളുടെ അംഗീകാരം കൊതിക്കുന്ന അവർ, ഇത്തരം ആപ്ലിക്കേഷന് ലഹരിക്ക് അടിപ്പെടുന്നതുപോലെ അടിമകളാക്കപ്പെടുന്നു. സർഗ്ഗാത്മകമായ ചിന്തകളും ശീലങ്ങളും വളരേണ്ട പ്രായത്തിൽ ബുദ്ധിയുള്ള മനസ്സും ഇത്തരത്തിൽ 'വളഞ്ഞു'പോയാൽ കുട്ടികളെ സംബന്ധിച്ച് അവർക്കത് ജീവിതകാലത്തേക്കുള്ള നഷ്ടമാണ്. സർഗ്ഗാത്മകമായ ചിന്തകളും ക്രിയാത്മകതയും ഇല്ലെന്നല്ല, പക്ഷേ കുറവാണ് എന്നു മാത്രം.

മറുവശത്ത് ഇത്തരം സൗകര്യങ്ങൾ ഇല്ലാത്തവരും ഇതുപോലെ 'അഭിനയവും' മറ്റും ചെയ്യാൻ 'കഴിവ്' ഇല്ലാത്തവരും സൗന്ദര്യസങ്കല്പങ്ങളുടെയും വികലമായ താരാരാധനയുടെയും ഇരകളാകുന്നു. എഡിറ്റിംഗ് സൗകര്യങ്ങളും മേക്കപ്പും മറ്റും ഉപയോഗിക്കുന്നതിനാൽ ഈ വീഡിയോകൾ തയ്യാറാക്കുന്നവരും ഈ മിഥ്യാലോകത്ത് സൗന്ദര്യസങ്കല്പങ്ങളിൽ കുരുങ്ങിപ്പോകുന്നു. സ്വന്തം സൗന്ദര്യം മാറ്റുകൂട്ടി കാണിക്കുമ്പോൾ (ഭ്രമിച്ചുപോകുന്നവരിൽ പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികളും) കൂടുതൽ 'ലുക്ക്' നേടാനായി 'ഫ്രീക്ക്' ആകാൻ ശ്രമിക്കുന്നു. സൗന്ദര്യസങ്കല്പമല്ല, അതൊരു രോഗമാകുന്നതാണ് അപായകരം. നിറത്തിലും കാഴ്ചയിലെ പ്രകടനങ്ങളിലുമാണ് സൗന്ദര്യമെന്നവർ വിശ്വസിക്കുന്നു. ഇത്തരം സങ്കല്പങ്ങൾ അപകർഷതാബോധം വളർത്തുന്നതിനും വിഷാദരോഗത്തിലേക്കു നയിക്കുന്നതിനും മാത്രമേ ഉപകരിക്കൂ. ആത്മഹത്യയിലേക്കുവരെ നയിക്കുന്ന തരത്തിലാണ് ഈ പ്രശ്നങ്ങളുടെ ദുരവസ്ഥ എത്തിനിൽക്കുന്നത്. ആരോഗ്യകരമായ ശീലങ്ങളും ഹോബികളും വളർത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിനുള്ള പോംവഴി.

സൈബർ ലോകത്ത് താൻ സുരക്ഷിതൻ/സുരക്ഷിത ആയിരിക്കണമെന്ന് സ്വയം തീരുമാനിക്കുക. പഠനത്തിനും തൊഴിലിനും ആരോഗ്യകരമായ വിനോദങ്ങൾക്കുമായി നിരവധി മാർഗ്ഗങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. അവ കണ്ടെത്തി പ്രയോജനപ്പെടുത്തുക.

*ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്*

## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



# വിദ്യയും ധനവും സമ്പാദിക്കണം

"അജരാമരവത് പ്രാജ്ഞോ വിദ്യാമർത്ഥം ച ചിന്തയേത്
ഗൃഹീത ഇവ കേശേഷു മൃത്യുനാ ധർമ്മമാചരേത്"

*പ്രാജ്ഞഃ – നല്ല അറിവുള്ളയാൾ; അമരാമരവത് – (അജരനെ) ജരാനരകൾ ബാധിക്കാത്തവനെപ്പോലെയും മരണമില്ലാത്തവനെപ്പോലെയും; വിദ്യാം അർത്ഥം ച – വിദ്യയെയും ധനത്തെയും; ചിന്തയേത് – ചിന്തിക്കട്ടെ; കേശേഷു – തലമുടിയിൽ; മൃത്യുനാ – മരണത്താൽ; ഗൃഹീതഃ ഇവ – പിടിക്കപ്പെട്ടവനെപ്പോലെ, ധർമ്മം ആചരേത് – ധർമ്മം ആചരിക്കട്ടെ.*

"നല്ല അറിവുള്ള മനുഷ്യൻ, വൃദ്ധനായാൽപ്പോലും, താൻ ജരാനരകൾ ബാധിച്ചിട്ടില്ലാത്തവനും മരണമില്ലാത്തവനും ആണെന്നു കരുതി വിദ്യയും ധനവും സമ്പാദിക്കട്ടെ. എന്നാൽ, മരണത്താൽ മുടിയിൽ പിടിക്കപ്പെട്ടവനെപ്പോലെ, (താൻ മരണത്താൽ പിടിക്കപ്പെട്ടവനാണ് എന്നു കരുതി) ധർമ്മം ആചരിക്കുകയും ചെയ്യട്ടെ."

പ്രായമായവരെ നോക്കി പലപ്പോഴും പലരും പറയാറുണ്ട് – ഈ അപ്പൂപ്പൻ എന്തിനാണ് ഇനിയും പഠിക്കുന്നത്? എവിടേക്കാണ് ഇനിയും സമ്പാദിച്ചുകൂട്ടുന്നത്? എന്നൊക്കെ. എന്നാൽ ആർക്കൊക്കെ എത്ര കാലം ജീവിക്കാൻ കഴിയും എന്നൊന്നും അറിയാത്ത നാം ഇങ്ങനെയുള്ള പ്രസ്താവനകൾ നടത്തുന്നത് എത്രയേറെ നിരർത്ഥകമാണ്!

മനുഷ്യന്റെ യഥാർത്ഥ മോചനം അറിവിലൂടെയാണെന്ന് മതങ്ങൾ അനുശാസിക്കുന്നു. 'ഞാൻ വഴിയും സത്യവും ജീവനുമാണെ'ന്ന് യേശുക്രിസ്തു പറഞ്ഞതിൽ സത്യമെന്നത് ജ്ഞാനംതന്നെയാണ്. ഹൈന്ദവപാരമ്പര്യമനുസരിച്ച് ഈശ്വരൻ നാരായണനാണ്. നാരായണൻ എന്ന പദത്തിന് നാരം (ജ്ഞാനം) അയനം (മാർഗ്ഗം) ആയവൻ എന്നാണർത്ഥം. അപ്പോൾ ഈശ്വരന്റെ സ്വരൂപവും സാക്ഷാത്കാരമാർഗ്ഗവും ജ്ഞാനമാണെന്നു വരുന്നു; യഥാർത്ഥ ജ്ഞാനസമ്പാദനം ഈശ്വരസാക്ഷാത്കാരവും. ഈ കാഴ്ചപ്പാടിലാണ് വിദ്യ സമ്പാദിക്കുമ്പോൾ നാം അജരരും അമരരുമാണെന്നു കരുതണമെന്നു നിർദ്ദേശിക്കുന്നത്.

ഇനി ധനത്തിന്റെ കാര്യമെടുക്കാം. ധനം പണമാണ്. വ്യവഹാരം, സ്തുതി എന്നീയർത്ഥങ്ങളുള്ള 'പണ' എന്ന ധാതുവിൽനിന്നാണ് പണമെന്ന പദമുണ്ടാകുന്നത്. അപ്പോൾ, പണം വ്യവഹരിക്കാനും സ്തുതിക്കാനുമുള്ളതാണ്. വ്യവഹാരമെന്നാൽ വ്യാപാരം അഥവാ കൊടുക്കൽവാങ്ങൽ. ബാർട്ടർ സമ്പ്രദായം നിലനിന്നിരുന്ന കാലത്ത്, മനുഷ്യൻ തനിക്ക് അധികമുള്ള വസ്തുക്കൾ ആവശ്യമുള്ളവരും തനിക്കുവേണ്ട വസ്തു നൽകാൻ കഴിയുന്നവരുമായ ആളുകളെ കണ്ടെത്തി, അവരുമായി കൊടുക്കൽവാങ്ങലുകൾ നടത്തുകയായിരുന്നു ചെയ്തിരുന്നത്. ഒരാൾ കണ്ടുപിടിക്കുന്ന വ്യക്തി, തനിക്ക് അധികമുള്ള വസ്തു, ആവശ്യമുള്ള ആളായിരുന്നാൽ മാത്രം പോരാ; തനിക്കാവശ്യമുള്ള വസ്തു തരുവാൻ കഴിയുന്നവനുമായിരിക്കണം! ഇത് ഏറെ ക്ലേശകരമാണെന്നു പറയേണ്ടതില്ലല്ലോ. ഈ ക്ലേശമൊഴിവായത് പണത്തിന്റെ വരവോടെയാണ്. കൊടുക്കുന്ന വസ്തുവിന്റെ വില പണമായി ലഭിക്കുന്നു, പണം നൽകി മറ്റൊരിടത്തുനിന്നായാലും ആവശ്യമുള്ള വസ്തു വാങ്ങുകയും ചെയ്യാമല്ലോ. അപ്പോൾ പണം വാങ്ങുന്നയാൾ വാങ്ങുന്നതും, കൊടുക്കുന്നയാൾ കൊടുക്കുന്നതും തങ്ങളുടെ അധ്വാനത്തിന്റെ വിലയാണ്! സ്തുത്യർഹമായവിധം ഒരു പ്രവൃത്തി ചെയ്യുന്നയാളെ സ്തുതിക്കുവാനും പണം ഉപകരിക്കുമല്ലോ? നമ്മുടെ അവാർഡുകളും പുരസ്കാരങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ആരെയും കഷ്ടപ്പെടുത്തി ധനം സമ്പാദിക്കരുതെന്നും അർഹതപ്പെട്ടവന് അർഹമായവിധം ദാനം ചെയ്യുന്നതിൽ മടി വിചാരിക്കരുതെന്നും മരണത്തിന്റെ കൈപ്പിടിയിലാണെന്ന വിചാരത്തോടെ ധർമ്മമാചരിക്കണമെന്ന ഉപദേശത്തിലൂടെ സ്പഷ്ടമാകുന്നു.



# ഞാൻ കണ്ട ധാരാവി

**എം.എസ്.ഡബ്ല്യു. കോഴ്സിന്റെ നാലാം സെമസ്റ്റർ ഫീൽഡ്‌വർക്കിന്റെ ഭാഗമായാണ് ഞാനും സുഹൃത്തുക്കളും രാജഗിരി കോളജിൽനിന്ന് ധാരാവിയിൽ എത്തിച്ചേർന്നത്. സ്നേഹ എന്ന എൻജിഒയിൽ ആയിരുന്നു ഞങ്ങളുടെ പ്രവർത്തനങ്ങൾ. അവിടത്തെ ഒരു മാസക്കാലം ഞങ്ങൾക്കു തിരിച്ചറിവിന്റെ ദിനങ്ങളായിരുന്നു. ആഗ്രഹിക്കുന്നതു കിട്ടാത്തതിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന ഇന്നത്തെ തലമുറ ഒരു തവണയെങ്കിലും ധാരാവി കാണണം. എന്നും സുഖലോലുപതയിലേക്കുമാത്രം കണ്ണുംനട്ട് കാലും നീട്ടിയിരിക്കുന്ന ആധുനികസമൂഹത്തിന് ധാരാവി വലിയ തിരിച്ചറിവുകൾ നല്കും, തീർച്ച!**



ദിയ പയസ്

**ഏ**ഷ്യയിലെ ഏറ്റവും വലിയ ചേരിയാണ് ധാരാവി... മുംബൈയുടെ ഹൃദയസ്ഥാനം. കേട്ടറിവുകൾക്കും അപ്പുറമാണ് ധാരാവിയിലെ കാഴ്ചകൾ: വ്യത്യസ്ത മതവിഭാഗങ്ങൾ, പല മതക്കാർ... പല ഭാഷകൾ സംസാരിക്കുന്നവർ... പല സംസ്ഥാനങ്ങളിൽനിന്നു ചേക്കേറിയവർ... 2001 സെൻസസ് പ്രകാരം നാലുലക്ഷംമുതൽ പത്തുലക്ഷംവരെ ആളുകൾ തിങ്ങിപ്പാർക്കുന്ന ധാരാവിയിൽ ഇന്ന് ജനസംഖ്യ ഇരട്ടിയായി രിക്കുന്നു. തിങ്ങിനിറഞ്ഞ വീടുകൾ... എവിടെ നോക്കിയാലും ആളുകൾ... വീട് എന്നല്ല ഒറ്റമുറി എന്നു വിശേഷിപ്പിക്കുന്നതാവും ശരി. ധാരാവിയുടെ ഉള്ളിലേക്കു കയറുംതോറും ഇരുട്ടിലേക്ക് അടുക്കുന്നപോലെ തോന്നും. വഴിതെറ്റി ഒഴുകുന്ന അഴുക്കുചാലുകൾ... മനുഷ്യരോടൊപ്പം അലയുന്ന തെരുവുനായ്ക്കൾ... നിരനിരയായി കൂട്ടിയോജിപ്പിക്കപ്പെട്ട ഒറ്റമുറിവീടുകൾ... അതാണ് ധാരാവി.

എന്നെ ഞെട്ടിച്ചത് ഇതൊന്നുമല്ല. 400 പേർക്ക് ഒരു ശൗചാലയം. ആ അവസ്ഥ ഒരിക്കലും ചിന്തിക്കാനാവാത്തതാണ്. തീർത്തും വൃത്തിഹീനമായ ഈ അന്തരീക്ഷത്തിലും തികഞ്ഞ സംതൃപ്തിയാണ് ഓരോ മുഖത്തും. ഓടിക്കളിക്കുന്ന കുഞ്ഞിന്റെ മുഖത്തും മൂന്നാം നിലയിൽ താമസിക്കുന്ന ഒമ്പതാം മാസക്കാരി സ്ത്രീയുടെ മുഖത്തും നിഷ്കളങ്കമായ പുഞ്ചിരി ഞാൻ കണ്ടു.

പകർച്ചവ്യാധികൾ പടരാൻ ഒരുപാടു സാധ്യതകളുള്ള ഇടമാണ് ധാരാവി. ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ചേരിനിവാസികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട നിരവധി ആശങ്കകൾ ഇവിടെയുണ്ട്. തീർത്തും വൃത്തിഹീനമായ സാഹചര്യത്തിലാണ് കുടിവെള്ളംപോലും ലഭിക്കുന്നത്. 520 ഏക്കറോളം പരന്നുകിടക്കുന്ന ചേരിയിൽ മോഷ്ടാക്കളും പിടിച്ചുപറിക്കാരും ഗുണ്ടകളും കൊള്ളക്കാരുമൊക്കെയുണ്ട്.

എം.എസ്.ഡബ്ല്യു. കോഴ്സിന്റെ നാലാം സെമസ്റ്റർ ഫീൽഡ്‌വർക്കിന്റെ ഭാഗമായാണ് ഞാനും സുഹൃത്തുക്കളും രാജഗിരി കോളജിൽനിന്ന് ധാരാവിയിൽ എത്തിച്ചേർന്നത്. സ്നേഹ എന്ന എൻ ജി ഒ യിൽ ആയിരുന്നു ഞങ്ങളുടെ പ്രവർത്തനങ്ങൾ. അവിടത്തെ ഒരു മാസക്കാലം ഞങ്ങൾക്കു തിരിച്ചറിവിന്റെ ദിനങ്ങളായിരുന്നു. ആഗ്രഹിക്കുന്നതു കിട്ടാത്തതിന്റെ പേരിൽ ജീവിതം അവസാനിപ്പിക്കുന്ന ഇന്നത്തെ തലമുറ ഒരു തവണയെങ്കിലും ധാരാവി കാണണം. എന്നും സുഖലോലുപതയിലേക്കുമാത്രം കണ്ണുംനട്ട് കാലും നീട്ടിയിരിക്കുന്ന ആധുനികസമൂഹത്തിന് ധാരാവി വലിയ തിരിച്ചറിവുകൾ നല്കും, തീർച്ച!

ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ ധാരാവിയിൽ ഉണ്ടായിരുന്ന ഞങ്ങൾക്ക്, ധാരാവിയിൽ കൊറോണ വൈറസ്വ്യാപനം ഉണ്ടായാൽ അതു തടയാനുള്ള ബോധവൽക്കരണം നൽകണമെന്ന് എങ്ങനെയോ തോന്നി. അന്ന് ചൈനയിൽ അണുബാധ പടർന്നുപിടിക്കുന്ന സമയമായിരുന്നു. മൂന്നു പ്രധാന മേഖലകളിൽ നടത്തിയ ബോധവൽക്കരണത്തിൽ ഞങ്ങളുടെ പ്രതീക്ഷയ്ക്കപ്പുറം, കുട്ടികളും മുതിർന്നവരും വൃദ്ധജനങ്ങളും ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു. ചിത്രങ്ങളും ആക്ഷൻ സോങ്ങുകളും ഉൾക്കൊള്ളിച്ചുള്ള ബോധവൽക്കരണം ആശയവിനിമയം എളുപ്പമാക്കി. സോപ്പ് ഉപയോഗിച്ചു കൈകഴുകുന്ന രീതി ഗാനരൂപത്തിൽ പഠിപ്പിച്ചു. കുറഞ്ഞപക്ഷം കൊവിഡിനെപ്പറ്റി അറിവു നല്കുക, ഗൗരവം ബോധ്യപ്പെടുത്തുക, ജാഗ്രത ജനിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.








നിരവധി മഹാമാരികളുടെയും പ്രകൃതിദുരന്തങ്ങളുടെയും കഥ ധാരാവിക്കു പറയാനുണ്ട്. 1896 ൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് കോളനിയിലെ ആകെ ജനസംഖ്യയിൽ പകുതിയോളം പേരുടെ ജീവൻ എടുത്തിരുന്നു.

2020 ഏപ്രിൽ ഒന്നിനാണ് ധാരാവി ചേരിപ്രദേശത്ത് കൊവിഡ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. താപനിലയും ഓകസിജൻ അളവും പരിശോധിക്കാൻ ആരോഗ്യപ്രവർത്തകർ ധാരാവിയിൽ ഏപ്രിൽ മുതൽ 47,500 വാതിലുകളാണ് മുട്ടിയത്. ഏഴു ലക്ഷത്തോളം ആളുകളെ പരിശോധിക്കുകയും പനിക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തു. അടുത്തുള്ള സ്കൂളുകളും സ്പോർട്സ് ക്ലബ്ബുകളും ക്വാറന്റൈൻ കേന്ദ്രങ്ങളാക്കി മാറ്റി. രോഗലക്ഷണങ്ങൾ കാണിക്കുന്നവരെ ശുശ്രൂഷിച്ചു. കേസുകൾ വരുന്നതുവരെ കാത്തിരിക്കാതെ വൈറസിനെ പിന്തുടരുകയാണ് അവർ ചെയ്തത്. പ്രാരംഭഘട്ടങ്ങളിൽത്തന്നെ രോഗികളെ ഐസൊലേറ്റ് ചെയ്യുകയായിരുന്നു. മരണനിരക്ക് കുറയ്ക്കുന്നതിനും രോഗമുക്തിക്കും അത് ഏറെ സഹായകമായി. ധാരാവിയിലെ കൃത്യമായ പരിശോധനയും സാമൂഹികാകലം പാലിക്കലുമാണു കൊവിഡ് ശൃംഖല തകർത്തതെന്ന് ലോകാരോഗ്യസംഘടനയും വ്യക്തമാക്കിയിട്ടുണ്ട്.

അപകടസാധ്യതയുള്ള മേഖലകളിൽ സ്ക്രീനിങ് സജീവമായി നടത്തുകയും പൊതുസ്വകാര്യപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ സ്വകാര്യഡോക്ടർമാർക്ക് പിപിഇ കിറ്റുകൾ, തെർമൽ സ്കാനറുകൾ, പൾസ് ഓക്സിമീറ്റർ എന്നിവ നൽകി. അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ മാസ്കുകളും കൈയുറകളും ധരിച്ച് വീടുതോറും സ്ക്രീനിങ് നടത്തുകയും സംശയമുള്ളവരെ വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും മുനിസിപ്പൽ അധികാരികളും സ്വീകരിച്ച സമീപനത്തെ കേന്ദ്രം പ്രശംസിച്ചിരുന്നു. രോഗികളെ ഹാജരാക്കാനും ആശയവിനിമയം നടത്താനും എല്ലാ ആരോഗ്യപ്രവർത്തകർക്കും ആവശ്യമായ സൗകര്യങ്ങൾ ബിഎംസി ചെയ്തുകൊടുത്തു. സ്വകാര്യ പ്രാക്ടീഷണർമാരുടെ ക്ലിനിക്കുകൾ ശുചിത്വവൽക്കരിക്കുകയും അവർക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു.

രോഗം കൂടുതൽ പേരിൽ പടരാൻ തുടങ്ങിയതോടെ പരിശോധനകളുടെ എണ്ണം കൂട്ടുകയാണ് ധാരാവിയിലെ പ്രാദേശികാധികൃതർ ചെയ്ത്. മഹാരാഷ്ട്രയിൽ മാത്രമല്ല, രാജ്യത്തിനകത്തും പുറത്തും ധാരാവിയിലെ കൊവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്.



# തോറ്റവന്റെ ജീവിതമാണു വായിക്കേണ്ടത്



**വൈഖരി പി.രാജൻ**

**രാ**മേശ്വരംമുതൽ രാഷ്ട്രപതിഭവൻവരെയുള്ള ദൂരം അത്ര ചെറുതല്ല. ട്രെയിനിൽനിന്നു വലിച്ചെറിയപ്പെട്ട പത്രക്കെട്ടുകൾ അടുക്കിവയ്ക്കുന്ന പയ്യന്റെ സ്വപ്നങ്ങൾക്ക് അന്നേ ചിറകുമുളച്ചിരുന്നു. 'അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൾ കലാം' എന്ന



'ഡോ. എ.പി.ജെ. അബ്ദുൾ കലാം 1931 ഒക്ടോബർ 15 ന് ജൈനുലബ്ദീന്റെയും ആഷിയമ്മയുടെയും ഇളയപുത്രനായി ജനിച്ചു. സ്കൂളിൽ ശരാശരി വിദ്യാർത്ഥിയായിരുന്നിട്ടും കഠിനാധ്വാനംകൊണ്ടും ദൃഢനിശ്ചയംകൊണ്ടും തന്റെ സ്വപ്നങ്ങൾക്ക് അഗ്നിച്ചിറകേകി പറന്നുയർന്ന മനുഷ്യൻ.

ലക്ഷ്യബോധമില്ലാത്ത, ഒരു തലമുറയ്ക്കു പറഞ്ഞുകൊടുക്കുവാൻ പറ്റിയ ഒന്നാന്തരം 'ഇൻസ്പയറിംഗ് സ്റ്റോറി' തനിക്കുണ്ടായിട്ടും ജയിച്ചവന്റെ കഥയല്ല തോറ്റവന്റെ ജീവിതമാണു വായിക്കേണ്ടത് എന്നു പറഞ്ഞ് എ.പി.ജെ. വഴിതുറന്നത് സങ്കീർണതകളും വൈരുദ്ധ്യങ്ങളും നിറഞ്ഞ ജീവിതയാഥാർത്ഥ്യങ്ങളിലേക്കാണ്.

പൈലറ്റാവാൻ കൊതിച്ച്, 'ഇന്ത്യയുടെ മിസൈൽ മാൻ' ആയി മാറിയ അദ്ദേഹം രാഷ്ട്രപതിപദത്തിലേക്കും ഭാരതരത്നയിലേക്കും എത്തിച്ചേർന്ന ഇന്ത്യയുടെ എക്കാലത്തെയും പ്രതിഭാശാലിയായ ശാസ്ത്രജ്ഞനാണ്. ഇന്നും ഉയരങ്ങളിൽനിന്ന് അദ്ദേഹം തന്റെ രാജ്യത്തിന്റെ ഭാവിതലമുറയെ സ്വപ്നം കാണാൻ പഠിപ്പിക്കുന്നുണ്ട്.

ഈ വർഷം കേരളത്തിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം അമ്പതിനു മുകളിലാണ്. ജീവിതത്തിൽ എല്ലാംതന്നെ 'സിംപിൾ' ആയ നമുക്ക് ആത്മഹത്യയും വെറും 'സിംപിൾ' ആണ്. സ്വപ്നങ്ങൾ ഇല്ലാതെ പോവുന്നതല്ല, മറിച്ച്; ജീവിതത്തിൽ കാലിടറുമ്പോൾ, തോറ്റുപോവുന്നതാണ്. കലാം പറഞ്ഞു: "ജീവിതത്തിലെ ആദ്യപ്രയത്നങ്ങൾ എപ്പോഴും തോൽവികൾ ആയിരിക്കണം. എങ്കിലേ നാം പരാജയഭീതിയിൽനിന്നു പുറത്തു വരൂ" ഈ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ ഇന്ന് പല മുതിർന്നവർക്കും സാധിക്കുന്നില്ല. പിന്നെയല്ലേ കുട്ടികൾ! വ്യോമസേനയുടെ പൈലറ്റ് പരീക്ഷയിലെ പരാജയം തെല്ലൊന്നുമല്ല കലാമിനെ വേദനിപ്പിച്ചത്. എട്ടു സീറ്റുള്ളതിൽ ഒമ്പതാമനായാണ് കലാം എത്തിയത്. അവിടെ തന്റെ സ്വപ്നങ്ങളെ അവസാനിപ്പിച്ചിരുന്നുവെങ്കിൽ ഒരിക്കലും ഇന്ത്യയുടെ 'മിസൈൽമാൻ' ഉണ്ടാകുമായിരുന്നില്ല.

കേരളത്തിന്റെ കെ.ആർ. നാരായണനുശേഷം 11-ാമത് രാഷ്ട്രപതിസ്ഥാനാർത്ഥിയായി രംഗത്തു വരുമ്പോൾ രാഷ്ട്രീയചായ്വുകൾ ഏതുമില്ലാതിരുന്നിട്ടും പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ അംഗീകരിച്ച് ഏകപക്ഷീയമായി തിരഞ്ഞെടുക്കപ്പെട്ടുവെങ്കിൽ അത് കലാം എന്ന മനുഷ്യനിലും ദേശസ്നേഹിയിലുമുള്ള വിശ്വാസമായിരുന്നു. സ്വപ്നങ്ങളുടെ പിന്നാലെ പോയപ്പോൾ കുടുംബജീവിതംപോലും താൻ മറന്നുപോയി എന്ന് 'അഗ്നിച്ചിറകുകൾ' എന്ന ആത്മകഥയിൽ അദ്ദേഹം ഓർമ്മപ്പെടുത്തുന്നുണ്ട്. പക്ഷേ, അന്നും ഇന്ത്യയുടെ ഭാവിയെക്കുറിച്ചു ശരിയായ വീക്ഷണം ഉണ്ടായിരുന്നു. 'മിഷൻ 2020' എന്നൊരു പദ്ധതി കലാം സ്വപ്നം കണ്ടിരുന്നു. 2020 ഓടുകൂടി ഇന്ത്യ ലോകത്തിലെ സാമ്പത്തികശക്തികളിൽ ഒന്നാവുമെന്നു സ്വപ്നം കണ്ട അദ്ദേഹം ഇന്ത്യയെ വികസിതരാഷ്ട്രമാക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. എന്നാൽ, ഈ 2020 ൽ നാം എവിടെയെത്തിനില്ക്കുന്നുവെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

*ഗവേഷണ വിദ്യാർത്ഥി, പൊളിറ്റിക്കൽ സയൻസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*

# യാത്ര



**ജ്വാല കെ.ആർ.**

മന്ദമിറങ്ങി നടന്നീടിനാൾ
ആഴക്കടലിൻ പരപ്പിലൂടെ
ഒരു ചെറുതെന്നൽ വന്നവളോടു ചോദ്യമായ്
എവിടെനിന്നെന്തിനായെങ്ങോട്ടു പോകുന്നു?
ആലസ്യം വിട്ടവൾ ഞെട്ടിയുണരുന്നു
ഒരു കൊടുങ്കാറ്റിന്റെ ഭീകരധ്വനിയിൽ
ആകാശമിരുളിന്റെ കുപ്പായമണിയുന്നു
പുടവതൻ ഞൊറിപോലുയർന്നു കല്ലോലം
ഇരുളാകെപ്പടരുന്നു തിരമാലയലറുന്നു
മാന്ത്രികക്കഥയിലെ യക്ഷിയെപ്പോൽ.
ശ്രദ്ധിച്ചതില്ലവളൊട്ടും ഭയന്നില്ല
ഭീകരസാഗരകാലുഷ്യഭാവവും
നാളത്തെ പുലരിതൻ അർക്കോദയത്തിൽ
ഞാനെത്തിപ്പിടിക്കുമാ സൂര്യബിംബം
ഒന്നുമറിയാതെയുള്ളൊരു യാത്രയല്ലീ-
ക്കടലേഴുമെൻ കാൽക്കീഴിലാക്കുമേ.
അലറിയടുക്കുമാ തിരമാലയിന്നെന്റെ
കാൽതൊട്ടു വന്ദിച്ചു പിൻവാങ്ങി നിൽക്കണം.
ഏഴുകടലിനപ്പുറത്തുണ്ടൊരു-
സുന്ദരിയാമൊരു കൂട്ടുകാരി
ദശാവതാരങ്ങളെത്ര കഴിഞ്ഞെന്ന്
മന്വന്തരങ്ങൾക്കുമറിയാതെ പോയി
തളരുകയില്ലെന്റെ കാലുകളൊന്നുമേ
മുന്നോട്ടുതന്നെ ഗമിക്കയാണിന്നു ഞാൻ
പിന്നിലായൊരു വീഥിയുമെനിക്കില്ല
മുന്നോട്ടുതന്നെയെൻ യാനം തുടരുന്നു.
എന്നെയൊരു നോക്കുകാണുവാനാശിച്ച്
പ്രിയസഖി പ്രകൃതിയും കാത്തിരിക്കുന്നു.
എൻനാമമെന്തെന്നറിയുവാനാശിച്ച്
കാത്തിരിക്കേണ്ട ഞാനാണ് ശക്തി.

*ബി.എ. മലയാളം വിദ്യാർത്ഥിനി*
*സി.എം.എസ്. കോളേജ്, കോട്ടയം*

# താടി



**കടങ്കവിത**
**കെ. ടി. മാത്യു**

കാടുകണ്ട താടി
മേടു കണ്ട താടി
നാടു കണ്ട താടി
വീടു കണ്ട താടി
ചോടു വച്ചിട്ടാടി-
നീങ്ങീടുന്ന താടി
താടി നല്ല താടി
താടി വെള്ളത്താടി!

*ഉത്തരം:* അപ്പൂപ്പൻതാടി

# തേടിയ വള്ളി കാലിൽ ചുറ്റി

**കഥയും കാര്യവും**
**സത്യൻ താന്നിപ്പുഴ**

ഈ ലോകത്തു നമ്മുടേതെന്ന് അഹങ്കരിക്കാൻ യാതൊന്നുമില്ല. ഈശ്വരൻ മാത്രമാണ് നമുക്ക് അഭയം. ഈശ്വരവിശ്വാസം വേണം. എങ്കിൽ മനഃസമാധാനം ലഭിക്കും. മറ്റുള്ളവരെ സഹായിക്കുവാൻ കിട്ടുന്ന അവസരം പാഴാക്കരുത്. മറ്റുള്ളവരെ സഹായിച്ചാൽ നമുക്കും മറ്റുള്ളവരിൽനിന്നു സഹായം ലഭിക്കും.

ടോമി ബാലസാഹിത്യകാരനാണ്. അൻപതിൽപരം ബാലസാഹിത്യകൃതികൾ രചിച്ചിട്ടുണ്ട്. തന്റെ പുസ്തകങ്ങൾ ഡിടിപിയും ലേഔട്ടും ചെയ്താണ് പ്രസാധകർക്കു കൊടുക്കുന്നത്.

ഒരു ദിവസം കഥകൾക്ക് ചിത്രങ്ങൾ വരപ്പിക്കാൻ ആളെ അന്വേഷിച്ചു പോയി. ആർട്ടിസ്റ്റിനെ കാണാൻ കഴിഞ്ഞില്ല. തിരിച്ചുപോരുമ്പോൾ ഒരു വൃദ്ധയും ഒരു ബാലികയും ബസ്സിൽനിന്നിറങ്ങി നടന്നുപോകുന്നതു കണ്ടു. നല്ല വെയിൽ. വൃദ്ധ തലയിൽ മുണ്ട് ഇട്ടിട്ടുണ്ട്. നാട്ടിൻപുറത്തേക്കുള്ള വഴിയിലൂടെയാണ് അവർ നടന്നുപോകുന്നത്.

അവർ ആരാണെന്ന് ടോമിക്കറിയില്ല. കാർ നിറുത്തി. അവരെയും കയറ്റി യാത്ര തുടർന്നു. പോകുന്നവഴി വൃദ്ധ പറഞ്ഞു: "ഞാൻ ആശുപത്രിയിൽ പോയതാണ്. ഈ വെയിലത്ത് എങ്ങനെ നടന്നുപോകുമെന്ന് ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു, എന്റെ പ്രാർത്ഥന ദൈവം കേട്ടു. അതാണ് അങ്ങേക്കു ഞങ്ങളെ കാറിൽ കയറ്റാൻ തോന്നിയത്."

"ഞാൻ നിങ്ങൾക്കു പോകേണ്ട വഴിയെയാണു പോകുന്നത്. ചേതമില്ലാത്ത ഉപകാരമല്ലേ? ഞാൻ എന്റെ പുസ്തകത്തിനു പടംവരപ്പിക്കാൻ ഒരു ആർട്ടിസ്റ്റിനെ അന്വേഷിച്ചുപോയതാണ്. അയാൾ സിനിമാക്കാർക്കുവേണ്ടി വരയ്ക്കാൻ പോയി എന്നറിഞ്ഞു. ഇനി പുതിയ ഒരാളെ കണ്ടുപിടിക്കണം."

വിവരം കേട്ടപ്പോൾ വൃദ്ധ പറഞ്ഞു: "എന്റെ മകൻ നല്ല ആർട്ടിസ്റ്റാണ്. അവൻ സ്കൂളിൽ ഡ്രോയിംഗ് മാഷാണ്. അവന്റെ മകനാണ് ഈ കുട്ടി. ഇവനും അച്ഛനെപ്പോലെ വരയ്ക്കും. ജന്മവാസനയാണ്."

ടോമി ആ വൃദ്ധയുടെ വീട്ടിലേക്കു കാറു തിരിച്ചു. അവിടെ ചെന്ന് ആർട്ടിസ്റ്റിനെ പരിചയപ്പെട്ടു.

ടോമി പുതിയ പുസ്തകത്തിന്റെ മാറ്റർ ആർട്ടിസ്റ്റിനെ ഏല്പിച്ചു. അയാൾ മനോഹരമായി ഇല്ലസ്ട്രേഷനും കവർ പേജും വരച്ചുകൊടുത്തു. ടോമിക്കു ചിത്രങ്ങൾ വളരെയേറെ ഇഷ്ടപ്പെട്ടു. "തേടിയ വള്ളി കാലിൽ ചുറ്റി."

സദ്പ്രവൃത്തി ചെയ്താൽ വിചാരിച്ചിരിക്കാതെ സദ്ഫലം കിട്ടും.



# പഠനത്തിലും കൃഷിയിലും വിജയക്കൊയ്ത്തുമായി പാലാക്കാരൻ ജോഫി

**ആൻ മരിയ തോമസ്**

ശക്തമായ ബന്ധങ്ങൾക്കുവേണ്ടത് സുന്ദരമായ മുഖമോ ശബ്ദമോ അല്ല; തകർക്കാൻ പറ്റാത്ത വിശ്വാസവും ആഴത്തിലുള്ള സ്നേഹവുമാണ്. അത്തരം ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നവരാണ് കർഷകർ. കാർഷികപാരമ്പര്യമുള്ള ഭാരതത്തിന്റെ അന്നദാതാക്കളാണ് കർഷകർ.

കാലം മാറി, ജീവിതസാഹചര്യങ്ങളും ചിന്താരീതികളും മാറി. കാർഷികമഹത്ത്വം പ്രഘോഷിച്ചിരുന്ന നാം അതിനു വില കല്പിക്കാതെയായി. മാന്യതയില്ലാത്ത ജോലിയും മേഖലയുമൊക്കെയായി കൃഷിയെ ചവിട്ടിത്താഴ്ത്തി. തൊഴിൽസങ്കല്പങ്ങളിൽനിന്ന് കർഷകരെയും കാർഷികമേഖലയെയും പടികടത്തി.

ആരോഗ്യമുള്ള സമൂഹത്തിന്റെ കവചമാണു കർഷകരെന്ന് ബോധ്യമുള്ള ഒരു ചെറിയ സമൂഹമെങ്കിലും നമുക്കിടയിലുണ്ട്. അതിനുള്ള തെളിവാണ് ജോഫി ജെ. ഞാവള്ളിൽ എന്ന യുവകർഷകൻ. ചെറുപ്പംമുതലേ കൃഷിപ്പണികളിൽ അപ്പനോടൊപ്പം സഹകരിച്ചുപോന്ന ഈ പാലാക്കാരന്റെ ഏറ്റവും വലിയ പ്രചോദനവും പിതാവുതന്നെ. പാലാ ഞാവള്ളിൽ ജെയിംസ് - ജാൻസി ദമ്പതികളുടെ മകനാണ് ജോഫി.

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത, ലോക്ഡൗൺ കാലത്തു സംഘടിപ്പിച്ച അടുക്കളത്തോട്ടമത്സരത്തിലെ യുവകർഷകനുള്ള അവാർഡ് ജോഫിക്കാണു ലഭിച്ചത്. എസ്.എം.വൈ.എം. പാലാ ഫൊറോന നടത്തിയ മത്സരത്തിലെ മികച്ച യുവകർഷകനുള്ള അവാർഡും ജോഫി കരസ്ഥമാക്കി. പാലാ കൃഷിഭവൻ ഏർപ്പെടുത്തിയ യുവകർഷകനുള്ള അവാർഡ് 2013 ൽ ജോഫിക്കു ലഭിച്ചിരുന്നു.

ലോക്ഡൗൺ കാലത്ത് മടുപ്പ് എന്ന വാക്ക് നിരന്തരം ഉയർന്നപ്പോൾ ജോഫിയിൽനിന്നു പ്രതിധ്വനിപ്പിച്ചപ്പോൾ അദ്ദേഹത്തിൽനിന്നുയർന്നത് മറ്റൊന്നായിരുന്നു - 'ചാരിതാർത്ഥ്യം'. രാവിലെ 6 മണി മുതൽ 9 മണിവരെയും വൈകുന്നേരം 4 മുതൽ 7 വരെയും അദ്ദേഹം തന്റെ 'ഏദൻതോട്ട'ത്തിൽ ചെലവഴിച്ചു.

ലോക്ഡൗണിന്റെ ആദ്യഘട്ടത്തിൽ ഒരു തവണ പച്ചക്കറി വാങ്ങിയതൊഴിച്ചാൽ പിന്നീട് ഇന്നേവരെ കടയിൽനിന്ന് പച്ചക്കറി വാങ്ങേണ്ടി വന്നിട്ടില്ല ജോഫിക്ക്.

പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ഈ കാലഘട്ടത്തിൽ പയർ, പാവൽ തുടങ്ങിയ ചെടികളെ വളർത്തിയെടുക്കാൻ ഇദ്ദേഹം പുതിയൊരു മാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നത്. പഴയ സാരി ഒരിഞ്ച് വീതിയിൽ ആവശ്യത്തിന് നീളത്തിൽ മുറിച്ചെടുത്ത് പ്ലാസ്റ്റിക് കയറിനു പകരം പന്തൽനിർമ്മാണത്തിന് ഉപയോഗിക്കുന്നു.

പച്ചക്കറിക്കൃഷിക്കു പുറമേ സുഹൃത്തുക്കളുമായി ചേർന്ന് ഒരു പടുതാക്കുളം നിർമ്മിച്ച് മികച്ച മത്സ്യക്കൃഷിയും ഇദ്ദേഹം നടത്തിവരുന്നു. 21 അടി നീളവും 13 അടി വീതിയും 10 അടി താഴ്ചയുമുള്ള ഈ കുളത്തിൽ 400 ഗിഫ്റ്റ് തിലോപ്പിയ മത്സ്യങ്ങളാണ് വളർന്നുവരുന്നത്. ചാണകം, കോഴിവളം, ചാരം, കരിയില തുടങ്ങിയവയുടെ ഉപയോഗത്തോടൊപ്പം കുമ്മായം വിതറി കൃഷിഭൂമി കൃഷിക്കനുയോജ്യമാക്കിമാറ്റുന്നു. കീടങ്ങളെ തുരത്താൻ വെളുത്തുള്ളി, വേപ്പെണ്ണ, പപ്പായ ഇല എന്നിവകൊണ്ടുള്ള കഷായം, ഉറുമ്പിനെ തുരത്താൻ ഹാൻഡ് വാഷ്- വിനാഗിരി മിശ്രിതം തുടങ്ങിയവ ആഴ്ചയിൽ ഒന്ന് എന്ന കണക്കിന് ഉപയോഗിച്ചുപോരുന്നു.

പൊതുവേ യുവസമൂഹം കാർഷികവൃത്തി ആഗ്രഹിക്കാത്തതിന്റെ പ്രധാന കാരണം കർഷകരോടുള്ള സമൂഹത്തിന്റെ അവഗണനാമനോഭാവമാണെന്ന് ജോഫി ചൂണ്ടിക്കാട്ടുന്നു. കേവലം വിത്തുവിതയ്ക്കലല്ല ഒരു നല്ല കർഷകന്റെ ആത്യന്തികലക്ഷ്യം; അതുവഴി ഫലദായകരായ മനുഷ്യരെ സൃഷ്ടിക്കലാണ്. പ്രതിസന്ധിയുടെ കയത്തിൽ മുങ്ങിത്താഴുന്ന കർഷകർക്ക് ഉന്നതിയുണ്ടാകണമെങ്കിൽ കൃഷിയെയും കർഷകരെയും അംഗീകരിക്കുന്ന ഒരു സമൂഹമുണ്ടാകണമെന്ന് ജോഫി പറയുന്നു. 'സുഭിക്ഷകേരളം' പോലുള്ള പദ്ധതികളും സമയബന്ധിതമായ സൗജന്യവൈദ്യുതിയും പലിശരഹിതവായ്പകളും സമ്മിശ്ര കാർഷികപദ്ധതികളും ആവിഷ്കരിക്കണമെന്നും ജോഫി അഭിപ്രായപ്പെടുന്നു. എം.എഡ്. വിദ്യാർത്ഥിയായ ജോഫി കൃഷിയോടൊപ്പം അക്കാദമിക തലത്തിലും തന്റെ മികവു നിലനിർത്തുന്നു. പാലാ ളാലം പഴയ പള്ളിയിൽ സൺഡേസ്കൂൾ അധ്യാപകനുംകൂടിയാണ് ജോഫി.

ഏതായാലും, കൊവിഡ് 19 ന്റെ വരവോടെ മുറ്റത്തിറങ്ങാനും മണ്ണിനെ തൊടാനും നാം ആരംഭിച്ചിരിക്കുന്നു എന്നത് ഒരു ശുഭസൂചനയാണ്. ഒരു കൊച്ചടുക്കളത്തോട്ടം എന്തെല്ലാം തിരക്കുകളുണ്ടെങ്കിലും നമുക്ക് സാധ്യമാണെന്ന് ഇതിനോടകം മനസ്സിലാക്കിയല്ലോ. എന്തിനും ഏതിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കാവുന്ന നാടാണ് നമ്മുടേത്. കർഷകരോടുള്ള അവഗണനാഭാവം ഇനിയെങ്കിലും നാം മാറ്റേണ്ടിയിരിക്കുന്നു.



ജോഫി ഞാവള്ളിൽ



## വിദ്യാർത്ഥിലക്ഷണം

**ഇ.പി. ജോർജ്**

ജീവിതാന്ത്യംവരെ മനുഷ്യൻ ഒരു വിദ്യാർത്ഥിയാണ്. ഒരു വിദ്യാർത്ഥിക്കുണ്ടായിരിക്കേണ്ട സവിശേഷഗുണങ്ങൾ ഭാരതീയസംസ്കാരത്തിൽ ഇപ്രകാരം വിവക്ഷിക്കുന്നു:

"കാകദൃഷ്ടി, ബകധ്യാനം,
ശ്വാനനിദ്രാ തഥൈവ ച
അല്പാഹാരം ജീർണ്ണവസ്ത്ര-
മേതദ്വിദ്യാർത്ഥിലക്ഷണം"

കാക്കയെപ്പോലെ സൂക്ഷ്മബുദ്ധിയുള്ളവനും കൊക്കിനെപ്പോലെ ധ്യാനനിരതനായിരിക്കുന്നവനും ശ്വാനനെപ്പോലെ ഉണർവോടെയിരിക്കുന്നവനും, അല്പാഹാരം ശീലമാക്കിയവനും ജീർണവസ്ത്രം ധരിക്കുന്നവനും ആരോ, അവനാണ് യഥാർത്ഥ വിദ്യാർത്ഥി.

ആഹാരം ഔഷധമാണ്. അമിതമായി ആഹരിച്ച് കുംഭകർണ്ണനെപ്പോലെ ഉറക്കത്തിനധീനരായി, അലസജീവിതം നയിക്കാതെ, ആർഭാടജീവിതത്തിന് അടിമകളാകാതെ കർമ്മോത്സുകരായി ജീവിക്കണം.

ജീവിതാവശ്യങ്ങൾ നാലു പ്രകാരത്തിലാണ്: ആവശ്യം, അത്യാവശ്യം, അനാവശ്യം, ആഡംബരം. മനുഷ്യനെ സംബന്ധിച്ചിടത്തോളം ആഹാരം, വസ്ത്രം, പാർപ്പിടം ഇവ പ്രാഥമികാവശ്യങ്ങളാണ്. രോഗങ്ങൾ വന്നുപെട്ടാലോ ചികിത്സ അത്യാവശ്യമാണ്. ചില രോഗങ്ങൾക്കു തുടർച്ചയായി മരുന്നു കഴിക്കേണ്ടി വരാം. അതത്യാവശ്യമാണ്. അനാവശ്യമായി ചെലവഴിക്കുന്നതും ആഡംബരഭ്രമത്തിൽ മതിമറന്നു ജീവിക്കുന്നതും നാശത്തിലേക്കു നയിക്കപ്പെടും. ചെറിയ ഒരുദാഹരണത്തിലൂടെ അതു വ്യക്തമാക്കാം:

ഒരു ബിരുദധാരിണി പി.എസ്.സി ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അയൽക്കാരോട് ഇരന്നു വാങ്ങിയ മുക്കുപണ്ടങ്ങളുമായി സർവ്വാഭരണഭൂഷിതയായി എത്തി. ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നവർ സ്വർണ്ണക്കടക്കാരന്റെ മോളാണോ എന്നു ചോദിച്ചു. ഒടുക്കം സെലക്ഷൻ കിട്ടാതെ മടങ്ങേണ്ടിയും വന്നു. "Pride goes before a fall' എന്ന് ഓർത്തിരുന്നാൽ നന്ന്.

## നിങ്ങൾക്കും എഴുത്തുകാരാകാം

കൂട്ടുകാരേ, നുറുങ്ങുചിന്തകളും മിനിക്കഥകളും കുട്ടിക്കവിതകളും വായിക്കുമ്പോൾ ഇതുപോലൊന്ന് എഴുതിയാലോ എന്നു നിങ്ങൾക്കും തോന്നാറില്ലേ. എങ്കിൽ മടിക്കേണ്ട. ഇന്നുതന്നെ എഴുതിത്തുടങ്ങുക.

സ്കൂൾ-കോളജ് തലങ്ങളിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നു. എല്ലാ മാസവും ആദ്യത്തെ ആഴ്ച ദീപനാളം കുട്ടികളോടൊപ്പം

- പ്രതിഭ